**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 411** **13-01-2021 - ൽ മറുപടിയ്ക്ക്**

**സർക്കാരിന്റെ സാമ്പത്തികസ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഷാനിമോൾ ഉസ്മാൻ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
| (എ) | സർക്കാരിന്റെ സാമ്പത്തികസ്ഥിതി അതീവ ഗുരുതരമാണെന്നും കടം വാങ്ങിയാണ് നിത്യനിദാന ചെലവുകളും ശമ്പളവും നൽകുന്നത് എന്നത് വസ്തുതയാണോ; | (എ) | കൊവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധിയും GST നടപ്പിലാക്കിയതിലുള്ള അപാകതയും കാരണം സംസ്ഥാന തനത് നികുതി വരുമാനത്തിൽ ഉണ്ടായിട്ടുള്ള ഇടിവ് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിലുണ്ടായിട്ടുള്ള ഇടിവ് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. വായ്പയായി എടുക്കുന്ന തുക പ്രധാനമായും പദ്ധതി/വികസന ചെലവുകൾക്കായിട്ടാണ് വിനിയോഗിക്കുന്നത്. എന്നാൽ, വായ്പയായി എടുക്കുന്ന തുകയുടെ ഒരു ഭാഗം പദ്ധതിയേതര റവന്യൂ ചെലവുകൾക്ക് വിനിയോഗിക്കേണ്ടി വരാറുണ്ട്. ഓരോ വർഷവും വായ്പയെടുത്ത തുകയിൽ റവന്യൂ അക്കൗണ്ടിലെ കമ്മി നികത്തിയതിന് ശേഷമുള്ള മുഴുവൻ തുകയും പദ്ധതികൾക്കായിട്ടാണ് ചെലവഴിക്കുന്നത്. റവന്യൂ കമ്മി പൂർണ്ണമായും ഇല്ലാതാകുന്ന സ്ഥിതിയിലെ ഈ പ്രവണത അവസാനിക്കും. |
| (ബി) | 2020 മാർച്ച് 31 ലെ കണക്ക് അനുസരിച്ച് സംസ്ഥാനവരുമാനത്തിന്റെ എത്ര ശതമാനമാണ് കടബാധ്യത; | (ബി) | അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2020 മാർച്ച് 31 വരെ സംസ്ഥാനത്തിന്റെ കടബാധ്യത 2,60,311.36 കോടി രൂപയും റവന്യൂ വരുമാനം 90224.67 കോടി രൂപയുമാണ്. ഇത് പ്രകാരം സംസ്ഥാന റവന്യൂ വരുമാനത്തിന്റെ 288.51 % മാണ് കടബാധ്യത. വർഷം കടം – റവന്യൂ വരുമാന തോത് കടം- GSDP തോത് 2015-16 227.96 % 28% 2019-20 288.51 % 30.46% |
| (സി) | കൊവിഡ് പശ്ചാത്തലത്തിൽ മൊത്ത ആഭ്യന്തര ഉല്പാദനത്തിന്റെ 5 ശതമാനം വരെ കടമെടുക്കുന്നതിന് കേന്ദ്രം അനുമതി നൽകിയിട്ടുണ്ടോ; | (സി) | ഉണ്ട്. 2020-21 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായി 27,130 കോടി രൂപയാണ് (ജിഎസ്ഡിപി യുടെ 3%) കേന്ദ്രസർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ളത്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ |

| | | | |
|---|---|---|---|
| | | | 2020-21 സാമ്പത്തിക വർഷത്തിൽ ജിഎസ്ഡിപിയുടെ 3 ശതമാനം വായ്പാപരിധിയ്ക്ക് പുറമെ 2 ശതമാനം അധിക വായ്പയെടുക്കാൻ (ഏകദ്ദേശം 18,087 കോടി രൂപ) ചില പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്ന നിബന്ധനകളോടെ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുമതി നൽകിയിട്ടുള്ളത്. ഇതിൽ 1% ഉപാധികളില്ലാതെയും 1% (0.25% വീതം) താഴെ പറയുന്ന 1. 'ഒരു രാജ്യം ഒരു റേഷൻ കാർഡ് സംവിധാനം' നടപ്പിലാക്കൽ 2. ബിസിനസ് സുഗമമാക്കുന്നതിന് ജില്ലാ തലത്തിലും ലൈസൻസിംഗ് സംവിധാനത്തിലും പരിഷ്കാരങ്ങൾ നടപ്പിലാക്കുക 3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരങ്ങൾ 4. ഊർജ്ജ മേഖലയിലെ പരിഷ്കാരങ്ങൾ നാല് സംസ്ഥാനതല പരിഷ്കാരങ്ങൾ നടപ്പിലാക്കുന്ന മുറയ്ക്കാണ് സംസ്ഥാനത്തിന് ലഭ്യമാകുന്നത്. ഇതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരങ്ങൾ ഒഴികെയുള്ളവ സംസ്ഥാനം നടപ്പിലാക്കിയിട്ടുണ്ട്. ഇത് പ്രകാരം 0.75% അധിക വായ്പയ്ക്ക് സംസ്ഥാനം അർഹമാകുന്നതാണ് (എകദേശം 6782.63 കോടി രൂപ).മേൽ പറഞ്ഞ സംസ്ഥാനതല പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനുള്ള സമയപരിധി 2021 ഫെബ്രുവരി 15 വരെ കേന്ദ്ര സർക്കാർ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്. ഈ പരിഷ്കാരങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് 0.25% (2260.88 കോടി) അധിക വായ്പയ്ക്ക് സംസ്ഥാനം അർഹമാകുന്നതായിരിക്കും. |
| (ഡി) | അധികമായി രണ്ട് ശതമാനം കടം എടുക്കുന്നതിന് സംസ്ഥാന സർക്കാർ ഏതൊക്കെ പദ്ധതികളാണ് നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കേണ്ടിയിരുന്നത്; അതിൽ ഇതിനകം എത്ര പദ്ധതികൾ പൂർത്തീകരിച്ചു; | (ഡി) | ഉണ്ട്. 2020-21 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായി 27,130 കോടി രൂപയാണ് (ജിഎസ്ഡിപി യുടെ 3%) കേന്ദ്രസർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ളത്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ജിഎസ്ഡിപിയുടെ 3 ശതമാനം വായ്പാപരിധിയ്ക്ക് പുറമെ 2 ശതമാനം അധിക വായ്പയെടുക്കാൻ (ഏകദ്ദേശം 18,087 കോടി രൂപ) ചില പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്ന നിബന്ധനകളോടെ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുമതി നൽകിയിട്ടുള്ളത്. ഇതിൽ 1% ഉപാധികളില്ലാതെയും 1% (0.25% വീതം) താഴെ പറയുന്ന 1. 'ഒരു രാജ്യം ഒരു റേഷൻ |

| | | | |
|---|---|---|---|
| | | | കാർഡ് സംവിധാനം' നടപ്പിലാക്കൽ 2. ബിസിനസ് സുഗമമാക്കുന്നതിന് ജില്ലാ തലത്തിലും ലൈസൻസിംഗ് സംവിധാനത്തിലും പരിഷ്കാരങ്ങൾ നടപ്പിലാക്കുക 3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരങ്ങൾ 4. ഊർജ്ജ മേഖലയിലെ പരിഷ്കാരങ്ങൾ നാല് സംസ്ഥാനതല പരിഷ്കാരങ്ങൾ നടപ്പിലാക്കുന്ന മുറയ്ക്കാണ് സംസ്ഥാനത്തിന് ലഭ്യമാകുന്നത്. ഇതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരങ്ങൾ ഒഴികെയുള്ളവ സംസ്ഥാനം നടപ്പിലാക്കിയിട്ടുണ്ട്. ഇത് പ്രകാരം 0.75% അധിക വായ്പയ്ക്ക് സംസ്ഥാനം അർഹമാകുന്നതാണ് (എകദേശം 6782.63 കോടി രൂപ).മേൽ പറഞ്ഞ സംസ്ഥാനതല പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനുള്ള സമയപരിധി 2021 ഫെബ്രുവരി 15 വരെ കേന്ദ്ര സർക്കാർ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്. ഈ പരിഷ്കാരങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് 0.25% (2260.88 കോടി) അധിക വായ്പയ്ക്ക് സംസ്ഥാനം അർഹമാകുന്നതായിരിക്കും. |
| (ഇ) | അധികപദ്ധതികൾ നിശ്ചിതസമയത്ത് പൂർത്തിയാക്കി സംസ്ഥാന സർക്കാരിന് ഈ സാമ്പത്തികവർഷം അധികമായി എത്ര തുക കൂടി കടം എടുക്കാം; വ്യക്തമാക്കുമോ? | (ഇ) | ഉണ്ട്. 2020-21 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായി 27,130 കോടി രൂപയാണ് (ജിഎസ്ഡിപി യുടെ 3%) കേന്ദ്രസർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ളത്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ജിഎസ്ഡിപിയുടെ 3 ശതമാനം വായ്പാപരിധിയ്ക്ക് പുറമെ 2 ശതമാനം അധിക വായ്പയെടുക്കാൻ (ഏകദ്ദേശം 18,087 കോടി രൂപ) ചില പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്ന നിബന്ധനകളോടെ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുമതി നൽകിയിട്ടുള്ളത്. ഇതിൽ 1% ഉപാധികളില്ലാതെയും 1% (0.25% വീതം) താഴെ പറയുന്ന 1. 'ഒരു രാജ്യം ഒരു റേഷൻ കാർഡ് സംവിധാനം' നടപ്പിലാക്കൽ 2. ബിസിനസ് സുഗമമാക്കുന്നതിന് ജില്ലാ തലത്തിലും ലൈസൻസിംഗ് സംവിധാനത്തിലും പരിഷ്കാരങ്ങൾ നടപ്പിലാക്കുക 3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരങ്ങൾ 4. ഊർജ്ജ മേഖലയിലെ പരിഷ്കാരങ്ങൾ നാല് സംസ്ഥാനതല പരിഷ്കാരങ്ങൾ നടപ്പിലാക്കുന്ന മുറയ്ക്കാണ് സംസ്ഥാനത്തിന് ലഭ്യമാകുന്നത്. ഇതിൽ തദ്ദേശ സ്വയംഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരങ്ങൾ ഒഴികെയുള്ളവ സംസ്ഥാനം നടപ്പിലാക്കിയിട്ടുണ്ട്. ഇത് പ്രകാരം 0.75% അധിക വായ്പയ്ക്ക് സംസ്ഥാനം അർഹമാകുന്നതാണ് (എകദേശം 6782.63 കോടി രൂപ).മേൽ പറഞ്ഞ സംസ്ഥാനതല പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനുള്ള സമയപരിധി 2021 ഫെബ്രുവരി 15 വരെ കേന്ദ്ര സർക്കാർ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്. ഈ പരിഷ്കാരങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് 0.25% (2260.88 കോടി) അധിക വായ്പയ്ക്ക് സംസ്ഥാനം അർഹമാകുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ